# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...

# വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മ



2024 ജൂൺ 1 ന് വിദ്യാർത്ഥി സൗഹൃദ ക്ലബുകളിൽ പ്രവേശനോത്സവം നടത്തി. പഠനോപകരണങ്ങൾ വിതരണം ചെയ്തു.

2024 ജൂൺ 29 ന് പുൽപ്പള്ളി കരിമം വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടത്തി. ഫെസിലിറ്റേറ്റർ ശ്രീ ശ്യാം സ്വാഗതം ആശംസിച്ചു. ഊര് മൂപ്പത്തി ശ്രീമതി മാധവി അദ്ധ്യക്ഷത വഹിച്ചു. ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് നേതൃത്വം നൽകി. ലീഡർ ശ്രീബാല നന്ദി പറഞ്ഞു.





2024 ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങൾ മരങ്ങൾ നട്ടു.



ജൂലൈ 20 ന് കരിങ്ങാരി വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടത്തി. അഞ്ചന സ്വാഗതം ആശംസിച്ചു. ശ്രീമതി ഇന്ദുലേഖ മീറ്റിംഗിന് നേതൃത്വം നൽകി. ഫെസിലിറ്റിറ്റേറ്റർ ശ്രീമതി അഖില നന്ദി പറഞ്ഞു. 12 പേര് പങ്കെടുത്തു.

ജൂലൈ 20 ന് വേങ്ങൂർ പൂമ്പാറ്റ വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടത്തി. അമൃതബാല സ്വാഗതം ആശംസിച്ചു. ആവണി അദ്ധ്യക്ഷത വഹിച്ചു. ഇന്റേൺഷിപ്പ് വിദ്യാർത്ഥികളായ ഗോഡ്വിൻ, നയന എന്നിവർ കുട്ടികൾക്കായി വിവിധ പരിപാടികൾ നടത്തി. ശ്രീമതി മിനി സാജു മീറ്റിംഗിന് നേതൃത്വം നൽകി. ശ്രീമതി പവിത്ര നന്ദി പറഞ്ഞു.



## ഫെസിലിറ്റേറ്റർമാരുടെ മീറ്റിംഗ്

ജൂലൈ 6 ന് നീതിവേദി ഓഫീസിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് ഫെസിലിറ്റേറ്റർമാരുടെ മീറ്റിംഗ് നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി. ക്ലബ് തലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു.

ആഗസ്റ്റ് 31 ന് നീതിവേദി ഓഫീസിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് ഫെസിലിറ്റേറ്റർമാരുടെ മീറ്റിംഗ് നടത്തി. വിദ്യാർത്ഥി സൗഹൃദക്ലബ് പ്രവർത്തനങ്ങൾ വിലയിരുത്തി. ഓണപരീക്ഷയുടെ ഒരുക്കങ്ങൾ, ഓണാഘോഷ പരിപാടികൾ, അവധിക്കാല കനൽ ക്യാമ്പ് എന്നിവ നടത്തുന്നതിനെ കുറിച്ച് ചർച്ചകൾ നടത്തി.



# വനിതാ സൗഹൃദ ക്ലബ്



2024 ജൂൺ 10 ന് മീനങ്ങാടി അടിച്ചിലാടി സ്വപ്നക്കൂട് വനിതാ സൗഹൃദ ക്ലബ് അംഗങ്ങളുടെ യോഗം ചേർന്നു. ശ്രീമതി ലിമ സ്വാഗതം ആശംസിച്ചു. ശ്രീമതി വസന്ത അദ്ധ്യക്ഷത വഹിച്ചു. മഴക്കാല രോഗങ്ങളും മുൻകരുതലുകളും സംബന്ധിച്ച് ശ്രീമതി മിനി സാജു ക്ലാസ്സ് നൽകി. ശ്രീമതി ലക്ഷ്മി നന്ദി പറഞ്ഞു. 13 പേര് പങ്കെടുത്തു.



ജൂലൈ 17 ന് വെള്ളമുണ്ട അരീക്കര വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടത്തി. സെക്രട്ടറി ശ്രീമതി പാറു സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീമതി ആതിര അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഇന്ദുലേഖ മീറ്റിംഗിന് നേതൃത്വം നൽകി. ശ്രീമതി അജിത നന്ദി പറഞ്ഞു. 15 അംഗങ്ങൾ പങ്കെടുത്തു.



ജൂലൈ 23 ന് മീനങ്ങാടി പഞ്ചായത്തിലെ മണിവയൽ മാറ്റൊലി വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി ശാന്ത എല്ലാവരെയും സ്വാഗതം ചെയ്തു. ശ്രീമതി സുജാത അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഓമന നന്ദി പറഞ്ഞു. ശ്രീമതി മിനി സാജു നേതൃത്വം നൽകി. 17 പേർ പങ്കെടുത്തു.

# പീസ് കമ്മറ്റി



2024 ജൂൺ 11 ന് മുട്ടിൽ പഞ്ചായത്ത് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി വിജയലക്ഷ്മി മെമ്പർ സ്വാഗതം ആശംസിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീദേവി ഉദ്ഘാടനം ചെയ്തു. ശ്രീമതി വൽസ ദേവസ്യ, സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി നസീമ മാങ്ങാടൻ, മെമ്പർ ആശംസകൾ നേർന്നു. പീസ് കമ്മറ്റി ഭാരവാഹികളായി ശ്രീ അഷ്റഫ് കൊട്ടാരം-ചെയർമാൻ, ശ്രീ പദ്മനാഭൻ-വൈസ് ചെയർമാൻ, ശ്രീമതി രാജി സി-കൺവീനർ, ശ്രീമതി വിജയലക്ഷ്മി-ജോ.കൺവീനർ എന്നിവരെ തിരഞ്ഞെടുത്തു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ക്കൂളുകളിലും സന്ദർശനം നടത്താനും കുട്ടികളുടെ ഹാജർ ഉറപ്പാക്കാനും പഠനനിലവാരം മനസ്സിലാക്കാനുമായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചു. ശ്രീ ടോമിസാർ (കോർഡിനേറ്റർ), ശ്രീ അച്ചപ്പൻ, ശ്രീ രവി, ശ്രീ കെ ഐ തോമസ് സാർ, ശ്രീമതി നസീമ മാങ്ങാടൻ, വാർഡ് മെമ്പർ, പ്രൊമോട്ടർ എന്നിവരെയാണ് തിരഞ്ഞെടുത്തത്. താലൂക്ക് തലത്തിൽ ആദിവാസി നേതാക്കളുടെ പരി ശീലന പരിപാടി നടത്താനും തീരുമാനിച്ചു. കൺവീനർ ശ്രീ പദ്മനാഭൻ നന്ദി പറഞ്ഞു. 30 പേർ മീറ്റിംഗിൽ പങ്കെടുത്തു.



2024 ജൂൺ 14 ന് വേങ്ങപ്പള്ളി പഞ്ചായത്ത് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ജ്യോതി, പ്രൊമോട്ടർ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ തോമസ് അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രേണുക ഉദ്ഘാടനം ചെയ്തു. ശ്രീ ജ്യോതിഷ് കുമാർ, സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ആദി വാസി വിദ്യാർത്ഥികളുടെ സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ക്കൂളുകളിലും സന്ദർശനം നടത്താനും കുട്ടികളുടെ ഹാജർ ഉറപ്പാക്കാനും പഠനനിലവാരം മനസ്സിലാക്കാനുമായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചു. താലൂക്ക് തലത്തിൽ ആദിവാസി നേതാക്കളുടെ പരിശീലന പരിപാടി നടത്തുന്നതിൽ പഞ്ചായത്തിൽ നിന്നും ആളുകളെ പങ്കെടുപ്പിക്കാനും തീരുമാനിച്ചു. ശ്രീമതി പ്രീത, ഫെസിലിറ്റേറ്റർ നന്ദി പറഞ്ഞു. 15 പേർ മീറ്റിംഗിൽ പങ്കെടുത്തു.





2024 ജൂൺ 14 ന് പൂതാടി പഞ്ചായത്ത് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ ഷാന്റി ചേനമ്പാടി അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി പ്രകാശ് ഉദ്ഘാടനം ചെയ്തു. ശ്രീമതി മിനി സാജു, സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ക്കൂളുകളിലും സന്ദർശനം നടത്താനും കുട്ടികളുടെ ഹാജർ ഉറപ്പാക്കാനും പഠനനിലവാരം മനസ്സിലാക്കാനുമായി തീരുമാനിച്ചു. താലൂക്ക് തലത്തിൽ ആദിവാസി നേതാക്കളുടെ പരിശീലന പരിപാടി നടത്തുന്നതിൽ പഞ്ചായത്തിൽ നിന്നും ആളുകളെ പങ്കെടുപ്പിക്കാനും തീരുമാനിച്ചു. ശ്രീ പുരുഷോത്തമൻ നന്ദി പറഞ്ഞു. 32 പേർ മീറ്റിംഗിൽ പങ്കെടുത്തു.





2024 ജൂൺ 19 ന് കൽപ്പറ്റ മുനിസിപ്പാലിറ്റി പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി അജിത, കൗൺസിലർ സ്വാഗതം ആശംസിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് അദ്ധ്യക്ഷത വഹിച്ച യോഗം പീസ് കമ്മറ്റി ചെയർമാൻ അഡ്വ എ പി മുസ്തഫ ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ മുനിസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ ശ്രീമതി സരോജിനി, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺമാരായ ശ്രീമതി ആയിഷ പള്ളിയാൽ, ശ്രീമതി രാജാറാണി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ശ്രീമതി വൽസ ദേവസ്യ, സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി മുനിസിപ്പാലിറ്റി പരിധിയിലെ ഏഴ് സ്ക്കൂളുകളിലും സന്ദർശനം നടത്താനും കുട്ടികളുടെ ഹാജർ ഉറപ്പാക്കാനും പഠനനിലവാരം മനസ്സിലാക്കാനുമായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചു. അഡ്വ മുസ്തഫ, ശ്രീമതി അജിത, ശ്രീമതി വൽസല, ശ്രീമതി ഓമന, ശ്രീ ശശി, ശ്രീമതി ഷൈലജ, വാർഡ് മെമ്പർ, പ്രൊമോട്ടർ എന്നിവരെയാണ് തിരഞ്ഞെടുത്തത്. താലൂക്ക് തലത്തിൽ ആദിവാസി നേതാക്കളുടെ പരിശീലന പരിപാടി നടത്തുന്നതിലും ആദിവാസി മൂപ്പൻമാരുടെ യോഗത്തിലും ആളുകളെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. രണ്ട് വിഷയങ്ങളിൽ ഇടപെടൽ നടത്തണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടു. ശ്രീമതി ഫ്ളയ്സി ജോസ്, നീതിവേദി ഡയറക്ടർ ചർച്ചകൾക്ക് നേതൃത്വം നൽകി. കോർ ടീം വോളിയർ ശ്രീമതി ശോശാമ്മ നന്ദി പറഞ്ഞു. 24 പേർ മീറ്റിംഗിൽ പങ്കെടുത്തു.

2024 ജൂൺ 21 ന് തൊണ്ടർനാട് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. നീതിവേദി സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി കൺവീനർ ശ്രീമതി മൈമൂന അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അംബിക ഷാജി ഉദ്ഘാടനം ചെയ്തു. ശ്രീമതി ഇന്ദുലേഖ, സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് പരിധിയിലെ വിവിധ ഉന്നതികളിൽ നിന്നുള്ള ആളുകളെ ഉൾപ്പെടുത്തി ഭാരത് മൈക്രോഫിനാൻസിൽ നിന്ന് ലോൺ എടുപ്പിച്ച് പണം തട്ടിപ്പ് നടത്തുന്ന വിഷയത്തിലും മദ്യവിൽപ്പന നടത്തുന്ന വിഷയത്തിലും പ്രായപൂർത്തിയാകാത്ത കുട്ടികൾ ചൂഷണങ്ങൾക്ക് വിധേയരാകുന്ന വിഷയത്തിലും ഇടപെടൽ നടത്തണമെന്ന് യോഗത്തിൽ തീരുമാനിച്ചു.





വിവിധ ഉന്നതികളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്താനും തീരുമാനിച്ചു. താലൂക്ക് തലത്തിൽ ആദിവാസി നേതാക്കളുടെ പരിശീലന പരിപാടി നടത്തുന്നതിൽ പഞ്ചായത്തിൽ നിന്നും ആളുകളെ പങ്കെടുപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. അഡ്വ. ഫാ. നീതിവേദി പ്രസിഡന്റ് സ്റ്റീഫൻ മാത്യു ചർച്ചകൾക്ക് നേതൃത്വം നൽകി. ശ്രീ ബാലകൃഷ്ണൻ നന്ദി പറഞ്ഞു. 20 പേർ മീറ്റിംഗിൽ പങ്കെടുത്തു.






2024 ജൂൺ 27 ന് വെള്ളമുണ്ട വിജ്ഞാൻ ലൈബ്രറിയിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഇന്ദുലേഖ സ്വാഗതം ആശംസിച്ചു. നീതിവേദി കോർ ടീം വോളിയറും വാർഡ് മെമ്പറുമായ ശ്രീമതി ഷൈജി ഷിബു അദ്ധ്യക്ഷത വഹിച്ച യോഗം നീതിവേദി പ്രസിഡന്റ് അഡ്വ ഫാ.സ്റ്റീഫൻ മാത്യു ഉദ്ഘാടനം ചെയ്തു. ശ്രീമതി ഇന്ദുലേഖ, സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് പരിധിയിലെ പുളിഞ്ഞാൽ മംഗലശ്ശേരി സ്ക്കൂളിലെ കുട്ടികൾക്കായി ഏകദിന ക്യാമ്പ് നടത്തണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടു. പഞ്ചായത്ത് പരിധിയിലെ വിവിധ ഉന്നതികളിൽ നിന്നുള്ള ആളുകളെ ഉൾപ്പെടുത്തി ഭാരത് മൈക്രോഫിനാൻസിൽ നിന്ന് ലോൺ എടുപ്പിച്ച് പണം തട്ടിപ്പ് നടത്തുന്ന വിഷയത്തിൽ ഇടപെടൽ നടത്തണമെന്ന് യോഗത്തിൽ തീരുമാനിച്ചത് പ്രകാരം മീഡിയ റിപ്പോർട്ട് നൽകി. പഞ്ചായത്ത് തലത്തിൽ ഒരു സബ് കമ്മറ്റി രൂപീകരിച്ച് പഞ്ചായത്ത് പരിധിയിലെ സ്ക്കൂളുകളിലെ ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിൽ ഇടപെടൽ നടത്തുന്നത് നന്നായിരിക്കും എന്ന അഭിപ്രായമുണ്ടായി. പ്രൊമോട്ടർ ശ്രീമതി സന്ധ്യ നന്ദി പറഞ്ഞു. 23 പേർ മീറ്റിംഗിൽ പങ്കെടുത്തു.




2024 ജൂലൈ 1 ന് പൊഴുതന പഞ്ചായത്ത് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീ മണി സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ കെ വി ബാബു അദ്ധ്യക്ഷത വഹിച്ചു. ശ്രീ ജ്യോതിഷ് കുമാർ, സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പീസ് കമ്മറ്റി ഭാരവാഹികളുടെ പുനഃസംഘടന നടത്തി. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ക്കൂളുകളിലും സന്ദർശനം നടത്താനും കുട്ടികളുടെ ഹാജർ ഉറപ്പാക്കാനും പഠനനിലവാരം മനസ്സിലാക്കാനുമായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചു. ശ്രീ കെ പി ജോൺ നന്ദി പറഞ്ഞു. 13 പേർ മീറ്റിംഗിൽ പങ്കെടുത്തു.

ജൂലൈ 10 ന് മീനങ്ങാടി സ്ക്കൂളിൽ പീസ് കമ്മറ്റി മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ കൊഴിഞ്ഞുപോക്ക് തടയുന്നതുമായി ബന്ധപ്പെട്ട് സന്ദർശിക്കുകയും ആദിവാസി വിദ്യാർത്ഥികളുടെ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

## ആദിവാസി നേതൃത്വ പരിശീലന പരിപാടി





2024 ജൂൺ 25 ന് മീനങ്ങാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ഏകദിന ആദിവാസി നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ആദിവാസി സമൂഹങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നതിന് അതാതു പ്രദേശങ്ങളിലെ ആദിവാസി യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് നീതിവേദി മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്. സുൽത്താൻ ബത്തേരി താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള പ്രതിനിധികളാണ് പരിശീലന പരി പാടിയിൽ പങ്കെടുത്തത്. പരിശീലന പരിപാടിക്ക് ശ്രീ മാത്യൂസ് വയനാട് നേതൃത്വം നൽകി. രാവിലെ നടന്ന പൊതുസമ്മേളനം മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ ഇ വിനയൻ ഉത്ഘാടനം ചെയ്തു. മീനങ്ങാടി പഞ്ചായത്ത് നീതിവേദി പീസ് കമ്മറ്റി ചെയർമാൻ ശ്രീ എം ജി ബേബി അദ്ധ്യക്ഷത വഹിച്ചു. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ഉഷ രാജേന്ദ്രൻ, മെമ്പർമാരായ ശ്രീമതി ലിസി, ശ്രീമതി ശാന്തി, നീതിവേദി ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ്, ഗോത്ര ചെയർമാൻ ശ്രീ ബിജു കാക്കത്തോട് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. പരിശീലന പരിപാടിയിൽ 80 പേർ പങ്കെടുത്തു.



ജൂലൈ 18 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് ഏകദിന ആദിവാസി നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ആദിവാസി സമൂഹങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നതിന് അതാതു പ്രദേശങ്ങളിലെ ആദിവാസി യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് നീതിവേദി ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്. വൈത്തിരി താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള പ്രതിനിധികളാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തത്. പരിശീലന പരിപാടിക്ക് ശ്രീ മാത്യൂസ് വയനാട് നേതൃത്വം നൽകി. രാവിലെ നടന്ന പൊതുസമ്മേളനത്തിൽ നീതിവേദി വൈസ് പ്രസിഡന്റ് ശ്രീമതി കെ മിനി അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് പരിപാടി ഉത്ഘാടനം ചെയ്തു. പരിശീലന പരിപാടിയിൽ 40 പേർ പങ്കെടുത്തു.

## കോർ ടീം വോളണ്ടിയർമാരുടെ മീറ്റിംഗ്





ജൂലൈ 2 ന് നീതിവേദി ഓഫീസിൽ വെച്ച് കോർ ടീം വോളണ്ടിയർമാരുടെ മീറ്റിംഗ് ചേർന്നു. പഞ്ചായത്ത് തല പ്രവർത്തനങ്ങൾ വിലയിരുത്തി. ഇടപെടലുകൾ നടത്തേണ്ട പ്രധാന വിഷയങ്ങളും ആദിവാസി ദിനാചരണം നടത്തുന്നത് സംബന്ധിച്ചും ചർച്ച ചെയ്തു. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് ജൂലൈ മാസം മുതൽ പഞ്ചായത്ത് തലത്തിൽ ഇടപെടലുകൾ നടത്താനും ആദിവാസി നേതാക്കൾക്ക് ജൂലൈ 18 ന് കൽപ്പറ്റ, ജൂലൈ 20 ന് വെള്ളമുണ്ട എന്നിവിടങ്ങളിൽ വെച്ചും, ആഗസ്റ്റ് മാസത്തിൽ കോർ ടീം വോളണ്ടിയർമാർക്കും ഏകദിന പരിശീലനം നടത്താനും തീരുമാനിച്ചു. 26 പേർ പങ്കെടുത്തു.

 

ജൂലൈ 2 ന് നീതിവേദി ഓഫീസിൽ വെച്ച് ഉച്ചകഴിഞ്ഞ് ഗവേർണിംഗ് ബോഡി അംഗങ്ങളുടെയും സ്റ്റാഫ് അംഗങ്ങളുടെയും മീറ്റിംഗ് നടന്നു. ആഗസ്റ്റ് 9 ന് കൽപ്പറ്റ വെച്ച് ആദിവാസി ദിനാചരണം നടത്താനും ആദി വാസി മേഖലയിലെ പ്രധാന പ്രശ്നങ്ങളും പരിഹാര സാധ്യതകളും സംബന്ധിച്ച കർമ്മപദ്ധതി രൂപീകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ മന്ത്രിക്ക് നൽകുവാനും തീരുമാനിച്ചു. പീസ് കമ്മറ്റിയുടെ സഹായത്തോടെ ആദി വാസി ദിനാചരണം പഞ്ചായത്ത് തലത്തിൽ ജൂലൈ മാസത്തിൽ നടത്താനും തീരുമാനിച്ചു. ആദിവാസി ദിനാചരണത്തിന്റെ ഭാഗമായി പോസ്റ്റർ തയ്യാറാക്കാനും ഇന്ത്യൻ ഭരണ ഘടന സംബന്ധിച്ച് കോളേജുക ളിൽ ക്ലാസ്സുകൾ എടുക്കാനും ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് നടക്കുന്ന ഭാരത് മൈക്രോ ഫിനാൻസിന്റെ പണമിടപാടുകൾ സംബന്ധിച്ച പ്രശ്നം മീഡിയ റിപ്പോർട്ട് നൽകാനും തീരുമാനിച്ചു. 16 പേർ പങ്കെടുത്തു.

## ബോധവത്ക്കരണ ക്ലാസ്സുകൾ



2024 ജൂൺ 13 ന് മേപ്പാടി പഞ്ചായത്തിലെ ചെമ്പോത്തറ വെച്ച് ബോധവത്ക്കരണ ക്ലാസ്സ് നൽകി. ശ്രീമതി വൽസ ദേവസ്യ ക്ലാസ്സ് നൽകി. ശ്രീ ജ്യോതിഷ് നേതൃത്വം നൽകി. 20 പേർ പങ്കെടുത്തു.





ജൂലൈ 14 ന് മുട്ടിൽ പഞ്ചായത്തിലെ വാര്യാട്കുന്ന് അംഗൻവാടിയിൽ വെച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി ബോധ വത്ക്കരണ ക്ലാസ്സ് നൽകി. ശ്രീമതി സൽമ അംഗൻവാടി ടീച്ചർ സ്വാഗതം പറഞ്ഞു. ശ്രീമതി സൂര്യ, ശ്രീമതി വൽസ എന്നിവർ നേതൃത്വം നൽകി. ശ്രീമതി നിഷിദ നന്ദി പറഞ്ഞു. 25 അംഗങ്ങൾ പങ്കെടുത്തു.

ജൂലൈ 15 ന് മീനങ്ങാടി പഞ്ചായത്തിലെ അമ്പത്തിനാലിൽ വെച്ച് സ്ത്രീകൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകി. ശ്രീമതി മിനി സാജു നേതൃത്വം നൽകി. 20 അംഗങ്ങൾ പങ്കെടുത്തു.

# ദുരിതാശ്വാസ പ്രവർത്തനങ്ങൾ

2024 ജൂൺ 26 ന് മുട്ടിൽ അടുവാടിവയലിൽ വെള്ളം കയറിയ സ്ഥലം നീതിവേദി സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ സന്ദർശിച്ചു




ജൂലൈ 22 ന് പൂതാടി പഞ്ചായത്തിലെ നടവയൽ എൽ പി സ്ക്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് നീതിവേദി സ്റ്റാഫ് ശ്രീമതി മിനി സാജു, പീസ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ സന്ദർശിച്ചു.

ജൂലൈ 22 ന് മുട്ടിൽ പഞ്ചായത്തിലെ കല്ലുപാടി ദുരിതാശ്വാസ ക്യാമ്പ് നീതിവേദി സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ പീസ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ സന്ദർശിച്ചു.

ജൂലൈ 30 ന് മുട്ടിൽ ഡബ്ല്യൂ എം ഒ സ്ക്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് ഇന്റേൺഷിപ്പ് വിദ്യാർത്ഥികളായ 3 പേർ സന്ദർശിക്കുകയും ആളുകൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്തു.

ജൂലൈ 30 ന് മീനങ്ങാടി ദുരിതാശ്വാസ ക്യാമ്പ് നീതിവേദി സ്റ്റാഫ് ശ്രീമതി മിനി സന്ദർശിക്കുകയും ആളുകൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്തു.

ജൂലൈ 30 ന് നീതിവേദി പ്രവർത്തകർ മുണ്ടക്കൈ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് മേപ്പാടി ഹയർ സെക്കറി സ്ക്കൂളിൽ പോകുകയും ആളുകൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്തു. മേപ്പാടി സെന്റ് ജോസഫ് സ്ക്കൂളിൽ തുണിത്തരം, സാനിറ്ററി പാഡ്, പായ, കമ്പിളി തുടങ്ങിയവയും നൽകി.

ജൂലൈ 31 ന് വെള്ളമു ഹൈ സ്ക്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് ശ്രീമതി ഇന്ദുലേഖ സന്ദർശിക്കുകയും ആളുകൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്തു.

ആഗസ്റ്റ് 1 ന് എടവക പഞ്ചായത്തിലെ പാണ്ടിക്കടവ്, വെള്ളമുണ്ടപഞ്ചായത്തിലെ എട്ടേനാൽ എന്നീ സ്ക്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് നീതിവേദി സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ സന്ദർശിക്കുകയും ആളുകൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്തു.

ജൂലൈ 31 ന് നീതിവേദി പ്രവർത്തകർ മുണ്ടക്കൈ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സെന്റ് ജോസഫ് സ്ക്കൂൾ, സി എം എസ് താഴെഅരപ്പറ്റ, മേപ്പാടി ഹയർ സെക്കറി എന്നീ സ്ക്കൂളുകളിലും മേപ്പാടി വിംസ് ആശുപത്രിയിലും പോകുകയും ആളുകൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്തു. പ്രത്യേകമായി അന്യസംസ്ഥാന തൊഴിലാളികൾ ആദിവാസി സഹോദരങ്ങൾ എന്നിവരുമായി സംസാരിക്കുവാനും അവരുടെ പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തുകയും ചെയ്തു. നീതിവേദി വനിതാ സൗഹൃദക്ലബ് അംഗങ്ങൾ മരണമടഞ്ഞവരുടെ മൃതശരീരങ്ങൾ വൃത്തിയാക്കുന്നതിലും സഹകരിച്ചു. കോർ ടീം വോളിയർമാരുടെ സേവനവും മേപ്പാടിയിൽ സജീവമായി ഉണ്ടായിരുന്നു. അംബേദ്ക്കർ ഊരിലെ ചന്ദ്രൻ, പുഞ്ചിരിമൊട്ടം ഊരിലെ ചണ്ണ, ചേനൻ എന്നിവർ ക്യാമ്പിൽ എത്തിയിട്ടില്ല എന്നുള്ള വിവരം ഐ.റ്റി.ഡി.പി യിൽ നീതിവേദി സ്റ്റാഫ് അറിയിച്ചു.

2024 ആഗസ്റ്റ് 1 ന് കൽപ്പറ്റ എസ് കെ എം ജെ സ്ക്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് നീതിവേദി സ്റ്റാഫ് ശ്രീമതി വൽസ, മിനി എന്നിവർ സന്ദർശിക്കുകയും ആളുകൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്തു.

ആഗസ്റ്റ് 2 ന് കൽപ്പറ്റ കളക്ടറേറ്റിൽ വെച്ച് നടന്ന ഇന്റർ ഏജൻസി ഗ്രൂപ്പ് മീറ്റിംഗിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ്, നീതിവേദി പ്രസിഡന്റ് ഫാ.സ്റ്റീഫൻ മാത്യു എന്നിവർ പങ്കെടുത്തു.

ആഗസ്റ്റ് 3 ന് നീതിവേദി ലീഗൽ കൗൺസിലർ റിപ്പൺ, സെന്റ് ജോസഫ് സ്ക്കൂൾ എന്നീ ക്യാമ്പുകളിൽ പോയി അന്യസംസ്ഥാന തൊഴിലാളികളുമായി സംസാരിച്ചു.

ആഗസ്റ്റ് 5 ന് നീതിവേദി ലീഗൽ കൗൺസിലറും മറ്റ് 6 പേരും റിപ്പൺ, സെന്റ് ജോസഫ് സ്ക്കൂൾ എന്നീ ക്യാമ്പുകളിൽ പോയി അന്യസംസ്ഥാന തൊഴിലാളികളുമായി സംസാരിച്ചു. മധ്യപ്രദേശിലെ 120 ഓളം ആളുകൾക്ക് തിരിച്ചുപോകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുത്തു.

ആഗസ്റ്റ് 5 ന് മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽപെട്ട ഒരു കുടുംബം മീനങ്ങാടിയിൽ ബന്ധുവീട്ടിൽ കഴിയുന്നുണ്ട് അവർക്ക് നീതിവേദി കൗൺസിലർ കൗൺസിലിംഗ് നൽകി. നീതിവേദി സ്റ്റാഫ് ശ്രീമതി മിനി സാജുവും, വത്സദേവസ്യയും അവരോട് സംസാരിച്ചു.

ആഗസ്റ്റ് 6 ന് മുട്ടിൽ പഞ്ചായത്തിലെ ഡബ്ല്യു എം ഒ കോളേജിലെ മുണ്ടക്കൈ ദുരിതാശ്വാസ ക്യാമ്പ് നീതിവേദി സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ പീസ് കമ്മറ്റി അംഗങ്ങളായ ശ്രീമതി രാജി, ശ്രീ

ആഗസ്റ്റ് 6,7 തിയതികളിൽ തൊണ്ടർനാട് പഞ്ചായത്തിലെ ഷൈബു എന്നയാളുടെ പശു ഫാമിനോട് ചേർന്ന് മണ്ണിടിഞ്ഞ് നേപ്പാൾ സ്വദേശികളുടെ കുട്ടി മരിച്ച സംഭവത്തെക്കുറിച്ച് പഞ്ചായത്തിലും അവരുടെ വീട്ടിലും പോയി വിവര നീതിവേദി സ്റ്റാഫ് ശേഖരണം നടത്തി.



ആഗസ്റ്റ് 8 ന് മുണ്ടക്കൈ ചൂരൽമല ദുരന്തത്തിൽപെട്ട ഒരു കുടുംബം പനമരം പഞ്ചായത്തിലെ കൈപ്പാട്ടുകുന്ന് ബന്ധുവീട്ടിൽ കഴിയുന്നുണ്ട് അവരെ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സന്ദർശിച്ചു.

ആഗസ്റ്റ് 9 ന് മീനങ്ങാടി പഞ്ചായത്തിലെ പിലാക്കുള ഊര് സന്ദർശിച്ചു. ഊരിലെ 6 കുടുംബത്തിലെ 17 ആളുകൾക്ക് വസ്ത്രങ്ങൾ നൽകുവാനും നീതിവേദിക്ക് കഴിഞ്ഞു

ആഗസ്റ്റ് 9 ന് മീനങ്ങാടി പഞ്ചായത്തിലെ കിടപ്പുരോഗിയായ മണികണ്ഠന്റെ വീട് സന്ദർശിച്ചു. കുടുംബത്തിലെ 4 പേർക്ക് വസ്ത്രങ്ങൾ നൽകി

ആഗസ്റ്റ് 12 ന് കൽപ്പറ്റ കളക്ടറേറ്റിൽ വെച്ച് നടന്ന ഇന്റർ ഏജൻസി ഗ്രൂപ്പ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് പങ്കെടുത്തു.



ആഗസ്റ്റ് 12 ന് വെള്ളമു എട്ടേ
നാല് മുക്കൽ ഉന്നതിയിലെ ര ര
മാസം പ്രായമായ രാജു-ശാന്ത
ദമ്പതികളുടെ മകൻ ആഗസ്റ്റ് 11 ന്
മരണപ്പെട്ട വിഷയത്തിൽ നീതിവേദി
ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ
വിവരശേഖരണം നടത്തി.

ആഗസ്റ്റ് 15 ന് മുട്ടിൽ
പഞ്ചായത്തിലെ കാവലൻ,
പോളി എന്നിവ രുടെ
ചോർന്നൊലിക്കുന്ന 2 വീടു
കൾക്ക് ഷീറ്റുകൾ നൽകി







ആഗസ്റ്റ് 15 ന് മീനങ്ങാടി
പഞ്ചായത്തിലെ വിജയൻ,
കുരുന്തൻ, ശശി, വെളുക്കൻ
എന്നിവരുടെ ചോർന്നൊലി
ക്കുന്ന 4 വീടുകൾക്ക് ഷീറ്റു
കൾ നൽകി







ആഗസ്റ്റ് 15 ന് മുട്ടിൽ
പഞ്ചായത്തിൽ താമസിക്കുന്ന
മുണ്ടക്കൈ - ചൂരൽമല ദുരന്ത
ത്തിൽപെട്ട ഒരു കുടുംബത്തെ
നീതിവേദി പ്രവർത്തകർ
സന്ദർശിച്ചു.

ആഗസ്റ്റ് 17 ന് വെള്ളമുണ്ട പഞ്ചായത്തിലെ ചെറുവയൽ വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി ഇന്ദുലേഖ കുട്ടികളുടെ പഠന വുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചോദിച്ചറിഞ്ഞു. 15 കുട്ടികൾ പങ്കെടുത്തു.

ആഗസ്റ്റ് 21 ന് മേപ്പാടി എൽ പി സ്ക്കൂളിലെ ക്യാമ്പിലെ പുഞ്ചിരി മട്ടത്തെ ആളുകളെ കണ്ടു.





ആഗസ്റ്റ് 21 ന് മേപ്പാടി പഞ്ചായത്തിൽ വെച്ച് പുഞ്ചിരിമട്ടം-മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട് പ്രത്യേക മീറ്റിംഗ് നടത്തി. ശ്രീ ജെയിംസ് തോമസ് സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബാബു അദ്ധ്യക്ഷത വഹിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ ഫാ.സ്റ്റീഫൻ മാത്യു ചർച്ചകൾക്ക് നേതൃത്വം നൽകി. പുഞ്ചിരിമട്ടത്തെ ഗോത്രകുടുംബങ്ങളെ താൽക്കാലികമായി പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി. പഞ്ചായത്ത് പ്രതിനിധികൾ, പീസ് കമ്മറ്റി അംഗങ്ങൾ, അംഗൻവാടി ടീച്ചർമാർ, പുഞ്ചിരിമട്ടം നിവാസികൾ, എസ് ടി പ്രൊമോട്ടർമാർ, വെള്ളാർമല സ്ക്കൂൾ ടീച്ചർമാർ, മെഡിക്കൽ ടീം, നീതിവേദി പ്രവർത്തകർ തുടങ്ങിയ 30 പേർ മീറ്റിംഗിൽ പങ്കെടുത്തു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് നന്ദി പറഞ്ഞു.

ആഗസ്റ്റ് 22 ന് പുഞ്ചിരി മട്ടത്തെ ഗോത്രകുടുംബങ്ങളെ താൽക്കാലികമായി പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു.







ആഗസ്റ്റ് 23 ന് നീതിവേദി പ്രവർത്തകർ പുഞ്ചിരിമട്ടം - മുണ്ടക്കൈ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. പാടിയിൽ താമസിപ്പിച്ചിട്ടുള്ള ഏറാട്ടുകുണ്ട്- പുഞ്ചിരിമട്ടം ഗോത്ര വിഭാഗത്തിലുള്ളവരെ സന്ദർശിച്ചു. ഭക്ഷണകിറ്റുകൾ നൽകി. തുടർന്ന് പുഞ്ചിരിമട്ടത്തെ ഗോത്രകുടുംബങ്ങളെ പരൂർക്കുന്നി ലേക്ക് താൽക്കാലികമായി പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ

















ആഗസ്റ്റ് 24 ന് പുഞ്ചിരിമട്ടത്തെ ഗോത്രകുടുംബങ്ങൾക്ക് അവിടെ താമസിക്കാൻ ബുദ്ധിമുട്ടാണെന്നും പരൂർക്കുന്നിൽ നിന്നും ബന്ധുവീടായ കൈരളി ഊരിലേക്ക് പോകുന്നതിൽ സഹായിക്കുകയും ചെയ്തു.

ആഗസ്റ്റ് 26 ന് മുണ്ടക്കൈ
- ചൂരൽമല ദുരന്തത്തിൽപെട്ട
ഒരു കുടുംബം പുതുതായി
മീനങ്ങാടിയിൽ ബന്ധുവീട്ടിൽ
കഴിയുന്നുണ്ട് എന്ന് അറി
യുകയും ശ്രീമതി മിനി
സാജു സന്ദർശിക്കുകയും
ചെയ്തു.

2024 സെപ്റ്റംബർ 2 ന്
മീനങ്ങാടി പഞ്ചായത്തിൽ
വാടകയ്ക്ക് താമസിക്കുന്ന
മുണ്ടക്കൈ ദുരന്ത ബാധിത
രായ ഒരു കുടുംബത്തിലെ
ഒരു കുട്ടിക്ക് രണ്ട് സ്ക്കൂൾ
യൂണി ഫോം വാങ്ങി നൽകി.

സെപ്റ്റംബർ 2 ന്
ബത്തേരി ട്രൈബൽ കോളേ
ജിലെ രണ്ട് കുട്ടികൾക്ക്
ഓരോ യൂണീഫോം വാങ്ങു
ന്നതിനുള്ള പൈസ നൽകി.

സെപ്റ്റംബർ 3 ന് മൂപ്പൈനാട്
പഞ്ചായത്തിലെ കൈരളി നഗറിൽ
താമസിക്കുന്ന പുഞ്ചിരിമട്ടം നഗറിലെ
ആളുകളെ നീതിവേദി ഡയറക്ടർ
ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി
വൽസ ദേവസ്യ, ശ്രീമതി മിനി
സാജു, ശ്രീ ജ്യോതിഷ് കുമാർ
എന്നിവർ സന്ദർശിച്ചു. സ്ക്കൂളിൽ
പോകാൻ കുട്ടികൾക്ക് ഡ്രസ്സ് ഇല്ല
എന്ന് അവർ പറഞ്ഞിരുന്നത് പ്രകാരം
കൽപ്പറ്റ ടി സിദ്ധിഖ് എം.എൽ.എ
യുടെ ഓഫീസിൽ പോയി
വിവരങ്ങൾ പറഞ്ഞു. കൽപ്പറ്റ തിരു
ഹൃദയ പള്ളി ഹാളിലെ റിലീഫ്
സെന്ററിൽ പോയി കുട്ടികൾക്കുള്ള





സെപ്റ്റംബർ 5 ന് മേപ്പാടി മുണ്ടക്കൈ അട്ടമലയിൽ താമസി ക്കുന്ന ഏറാട്ടുകുണ്ട് നഗറിലെ 5 കുടുംബ ങ്ങളെയും പുഞ്ചിരിമട്ടത്തെ ഒരു കുടുംബത്തിലെയും ആളുകളെ ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി മിനി, ശ്രീമതി വൽസ, ശ്രീ ജ്യോതി ഷ്, ശ്രീ ജെയിംസ് തോമസ് എന്നിവർ സന്ദർശിച്ചു. ഭക്ഷണ കിറ്റു കൾ നൽകി. കുട്ടികൾക്ക് കളിക്കോ പ്പുകളും ചിത്രരചനാ ബുക്കുകളും നൽകി. കുട്ടികൾക്കായി വിവിധ കളികൾ നടത്തി. അതിനുശേഷം ചൂരൽമല അംബേദ്ക്കറിലെറിലെ അംഗൻ വാടിയിൽ പോയി ചൂരൽമല, അട്ടമല അംഗൻവാടി ടീച്ചർമാരെ കണ്ട് വിവരശേഖരണം നടത്തി.











സെപ്റ്റംബർ 6 ന് നീതി വേദിയുടെ ഇടപെടൽ വഴി മുണ്ടക്കൈ ദുരന്തത്തിൽ മര ണമടഞ്ഞ അന്യസംസ്ഥാന തൊഴിലാളികളുടെ കുടും ബാഗ ങ്ങൾക്കും കാണാതായ വരുടെ കുടുംബാഗങ്ങൾക്കും ആൻ മേരി ഫൗണ്ടേഷന്റെ സഹായ ത്തോടെ 10,000 രൂപ വീതം നൽകി.

സെപ്റ്റംബർ 9 ന് മുട്ടിൽ പഞ്ചായത്തിൽ മുണ്ടക്കൈ ദുരന്തത്തിൽപെട്ട ഒരു കുടും ബം വാടകയ്ക്ക് താമസിക്കു ന്നതിനായി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആയി വരുന്നതിനാൽ നീതിവേദി വനിതാ സൗഹൃദക്ലബ് അംഗ ങ്ങൾ വീട് വൃത്തിയാക്കി നൽകി.







സെപ്റ്റംബർ 9 ന് കളക്ടറേറ്റിൽ വെച്ച് കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ഇന്റർ ഏജൻസി ഗ്രൂപ്പ് ജനറൽ ബോഡി മീറ്റിംഗിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ ജോമോൾ ജോയി എന്നിവർ പങ്കെടുത്തു. മുണ്ടക്കൈ ദുരന്തബാധിതരായ പുഞ്ചിരിമട്ടം, ഏറാട്ടുകുണ്ട് ഉന്നതികളിലെയും അന്യസംസ്ഥാനതൊഴിലാളികളുടെയും പുനരധിവാസ പ്രശ്നങ്ങൾ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി.



സെപ്റ്റംബർ 9 ന് കളക്ടറേറ്റിൽ വെച്ച് നടന്ന ഇന്റർ ഏജൻസി ഗ്രൂപ്പ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് പങ്കെടുത്തു.






**NEETHI VEDHI**
സുധിക്കവല, കാക്കവയൽ പി. ഒ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org